**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2589** **15-10-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ഭൂമി തിരികെ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദേവസ്വം ഭൂമി, കയ്യേറ്റങ്ങളിലൂടെ അന്യാധീനപ്പെട്ട് പോകുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിൽ ക്ഷേത്രഭൂമികൾ അന്യാധീനപ്പെട്ടുപോകാതിരിക്കാനും കയ്യേറ്റ ഭൂമികൾ ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരം സ്വീകരിക്കുന്നതിനായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് അധികാരത്തോടുകൂടിയ സ്പെഷ്യൽ തഹസിൽദാർ തലവനായി ലാന്റ് കൺസർവൻസി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഗുരുവായൂർ ദേവസ്വത്തിലും ഭൂമി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു തഹസിൽദാരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.<br><br>ലാന്റ് കൺസർവൻസി യൂണിറ്റ് നിലവിലില്ലാത്ത മലബാർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വങ്ങളിൽ ഭൂമി സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ മുഖേന സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഭൂമി കയ്യേറ്റം ഒഴിവാക്കി അതത് ദേവസ്വങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ? | (ബി) | തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിൽ ക്ഷേത്രഭൂമികൾ അന്യാധീനപ്പെട്ടുപോകാതിരിക്കാനും കയ്യേറ്റ ഭൂമികൾ ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരം സ്വീകരിക്കുന്നതിനായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് അധികാരത്തോടുകൂടിയ സ്പെഷ്യൽ തഹസിൽദാർ തലവനായി ലാന്റ് കൺസർവൻസി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഗുരുവായൂർ ദേവസ്വത്തിലും ഭൂമി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു തഹസിൽദാരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.<br><br>ലാന്റ് കൺസർവൻസി യൂണിറ്റ് നിലവിലില്ലാത്ത മലബാർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വങ്ങളിൽ ഭൂമി സംബന്ധമായ വിഷയങ്ങൾ കൈകാര്യം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ മുഖേന സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ